പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.338 07.08.2017 ൽ മറുപടിയ്ക്ക്

അരിവില വർദ്ധനവ് നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് അരിയുടെ വില ഗണ്യമായി വർദ്ധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് അരിയുടെ വില നേരിയ തോതിൽ വർദ്ധിച്ചിട്ടുളളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ അരിവില നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) ജനപ്രിയ ഇനങ്ങളായ പച്ചരി, മട്ട അരി, ജയ അരി, കുറുവ അരി എന്നിവ സപ്ലൈകോ വില്പനശാലകളിലൂടെ പൊതുവിപണിയിലേതിനേക്കാൾ 40% വരെ വിലക്കുറവിലും, എഫ്.സി.ഐ. ഒ.എം.എസ്.എസ്. പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര പച്ചരി എന്നിവ സബ്സിഡി നിരക്കിലും സപ്ലൈകോ വിൽപ്പന ശാലകളിലൂടെ വിതരണം ചെയ്തു വരുന്നു.<br><br>പൊതുവിപണിയിൽ അരി വില ഉയരുന്ന ഘട്ടങ്ങളിൽ വില്പന ശാലകളിൽ പ്രത്യേകം കൗണ്ടർ വഴി അരി വില്പന നടത്തി ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ അരിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ